(ബി) മുപ്പതു കൊല്ലത്തിലൊരിക്കൽ കരാർ പുനരവലോകനം ചെയ്യാനുള്ള വ്യവസ്ഥ പറമ്പിക്കുളം-ആളിയാർ പദ്ധതി കരാറിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. മുപ്പതു കൊല്ലത്തെ അനുഭവത്തിന്റെ അടിസ്ഥാനത്തിൽ കരാർ പുനരവലോകനം ചെയ്യുന്നതിന് നിയമിക്കപ്പെട്ട ടെക്നിക്കൽ കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ടിൻമേൽ ചർച്ച നടത്തി പുനരവലോകനം പൂർത്തിയാക്കാനാണ് ഇരുസംസ്ഥാനങ്ങളും ഉദ്ദേശിക്കുന്നത്.

(സി) പറമ്പിക്കുളം-ആളിയാർ പദ്ധതിക്കരാർ പുനരവലോകനം സംബന്ധിച്ചുള്ള ചർച്ചയാണ് നടന്നത്.

(ഡി) 2004 മാർച്ച് മാസത്തിൽ നടത്താനിരിക്കുന്ന മുഖ്യമന്ത്രിതല ചർച്ചയ്ക്ക് ശേഷമേ തീരുമാനങ്ങൾ വിശദമാക്കാൻ സാധിക്കുകയുള്ളൂ.

പറമ്പിക്കുളം-ആളിയാർ നദീജലക്കരാർ

40 [197] ശ്രീ. കെ. സി. ജോസഫ് :

,, എ. കെ. മണി :

,, വി. ഡി. സതീശൻ :

,, എ. സുജനപാൽ :

,, കെ. മുഹമ്മദാലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പറമ്പിക്കുളം-ആളിയാർ നദീജല കരാർ പുതുക്കുന്നത് സംബന്ധിച്ച ചർച്ചയിൽ സംസ്ഥാനത്തെ പ്രതിനിധീകരിച്ചതാരെല്ലാമാണ്;

(ബി) പ്രസ്തുത കരാർ പുതുക്കുന്നതിനുള്ള നടപടി നിയമസഭയിൽ ചർച്ച ചെയ്യാനുദ്ദേശിക്കുന്നുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) പറമ്പിക്കുളം-ആളിയാർ നദീജലകരാർ പുതുക്കുന്നത് സംബന്ധിച്ച് 10-11-2003-ൽ ചെന്നൈയിൽ വെച്ചും 4-1-2004-ൽ തിരുവനന്തപുരത്തുവച്ചും മന്ത്രിതല ചർച്ചകൾ നടന്നു.

10-11-2003-ൽ ചെന്നൈയിൽ വച്ചുനടന്ന ചർച്ചയിൽ സംസ്ഥാനത്തെ പ്രതിനിധീകരിച്ചവർ:

1. ശ്രീ. ടി. എം. ജേക്കബ്, ജലവിഭവ വകുപ്പുമന്ത്രി.
2. ശ്രീ. കെ. ശങ്കരനാരായണൻ, ധനകാര്യ വകുപ്പുമന്ത്രി.
3. ശ്രീ. കെ. ജെ. മാത്യു, പ്രിൻസിപ്പൽ സെക്രട്ടറി, ജലവിഭവ വകുപ്പ്.

LIBRARY ARCHIVES Kerala Legislative Assembly

4. ശ്രീ. എ. കെ. പരമേശ്വരൻ, അഡീ. സെക്രട്ടറി, ജലവിഭവ വകുപ്പ്.
5. ശ്രീ. ടി. കെ. ശശി, ചീഫ് എഞ്ചിനീയർ, (ഐ ആന്റ് എ, ഐ. എസ്. ഡബ്ല്യു).
6. ശ്രീ. ടി. രാജഗോപാൽ, ചീഫ് എഞ്ചിനീയർ (റിട്ടയേർഡ്)
7. ശ്രീ. ആർ. എസ്. ചന്ദ്രമോഹൻ, ചീഫ് എഞ്ചിനീയർ, ഐ.പി.ഡി.എസ്., കെ.എസ്.ഇ.ബി.
8. ശ്രീമതി ഗ്രേസി ജോൺ, ജോയിന്റ് ഡയറക്ടർ, ഐ.എസ്.ഡബ്ല്യു.
9. ശ്രീമതി ലീന ജോർജ്ജ്, ഡെപ്യൂട്ടി ഡയറക്ടർ, ഐ.എസ്.ഡബ്ല്യു.
10. ശ്രീ. പി. സുധീർ, അസി. ഡയറക്ടർ, ജോയിന്റ് വാട്ടർ റഗുലേഷൻ, പാലക്കാട്.
11. ശ്രീ. ജെയിംസ് വിത്സൻ, അസി. എഞ്ചിനീയർ, ഐ.എസ്.ഡബ്ല്യു. സെൽ, കെ.എസ്.ഇ.ബി.

4-1-2004-ൽ തിരുവനന്തപുരത്തുവച്ചു നടന്ന ചർച്ചയിൽ സംസ്ഥാനത്തെ പ്രതിനിധീകരിച്ചവർ.

1. ശ്രീ. ടി. എം. ജേക്കബ്, ജലവിഭവ വകുപ്പുമന്ത്രി.
2. ശ്രീ. കെ. ശങ്കരനാരായണൻ, ധനകാര്യ വകുപ്പുമന്ത്രി.
3. ശ്രീ. എൻ. ചന്ദ്രശേഖരൻ നായർ, ചീഫ് സെക്രട്ടറി.
4. ശ്രീ. കെ. ജെ. മാത്യു, പ്രിൻസിപ്പൽ സെക്രട്ടറി, ജലവിഭവ വകുപ്പ്.
5. ശ്രീ. രാം കുമാർ, നിയമ വകുപ്പ് സെക്രട്ടറി.
6. ശ്രീമതി ലിസ്സി ജേക്കബ്, പ്രിൻസിപ്പൽ സെക്രട്ടറി പവ്വർ.
7. ശ്രീ. ടി. കെ. ശശി, ചീഫ് എഞ്ചിനീയർ, (ഐ ആന്റ് എ, ഐ. എസ്. ഡബ്ല്യു).
8. ശ്രീ. ചന്ദ്രമോഹൻ, ചീഫ് എഞ്ചിനീയർ, ഐ. പി. ഡി. എസ്., കെ.എസ്.ഇ.ബി.
9. ശ്രീ. പി. എൻ. മോഹൻ, മെമ്പർ, കെ.എസ്.ഇ.ബി.
10. ശ്രീ. മനോഹരൻ, ചെയർമാൻ, കെ.എസ്.ഇ.ബി.
11. ശ്രീ. സി. അബ്ദുള്ള, മെമ്പർ, കെ.എസ്.ഇ.ബി.
12. ശ്രീ. ടി. രാജഗോപാൽ, ചീഫ് എഞ്ചിനീയർ (റിട്ടയേർഡ്), ജലസേചന വകുപ്പ്.

LIBRARY ARCHIVES Kerala Legislative Assembly

13. ശ്രീ. എ. കെ. പരമേശ്വരൻ, അഡീഷണൽ സെക്രട്ടറി, ജലവിഭവ വകുപ്പ്.
14. ശ്രീ. വർഗ്ഗീസ്, ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്.
15. ശ്രീ. ജേക്കബ് ഡാനിയൽ, ചീഫ് എഞ്ചിനീയർ, പ്രോജക്ട് - 1
16. ശ്രീ. എൻ. ശശി, ചീഫ് എഞ്ചിനീയർ, പ്രോജക്ട് - 2
17. ശ്രീ. എം. സി. അന്റോബായി, ചീഫ് എഞ്ചിനീയർ, (ഐ. ആന്റ് പി.)
18. ശ്രീമതി സി. എൻ. സതി, ഡയറക്ടർ, ഐ. ഡി. ആർ. ബി.

(ബി) ഇല്ല. കരാർ പുതുക്കുന്നതിനുള്ള നക്കൽ നിയമസഭയിൽ ചർച്ച ചെയ്യേണ്ട ആവശ്യമില്ലാത്ത കാര്യമാണ്.

പറമ്പിക്കുളം-ആളിയാർ പദ്ധതി പ്രകാരമുള്ള വ്യവസ്ഥകൾ

41 [198] ശ്രീ. ബിനോയ് വിശ്വം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പറമ്പിക്കുളം-ആളിയാർ പദ്ധതിയിലെ വ്യവസ്ഥകൾ അനുസരിച്ച് കേരളത്തിന് തമിഴ്നാട്ടിൽ നിന്നും ലഭിക്കേണ്ട വെള്ളം കഴിഞ്ഞ വർഷങ്ങളിൽ പൂർണ്ണമായും ലഭിച്ചിട്ടുണ്ടോ; എങ്കിൽ അവയുടെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(ബി) കരാർ ലംഘനമുണ്ടായിട്ടുണ്ടെങ്കിൽ അതിൻമേൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ;

(സി) കേരളത്തിനു ഇക്കാര്യത്തിലുണ്ടാകുന്ന നഷ്ടം ശ്രദ്ധയിൽകൊണ്ടുവരുന്നതിന് ജലവകുപ്പ് ഉദ്യോഗസ്ഥൻമാരുടെ ഭാഗത്തുനിന്നും എന്തെങ്കിലും വീഴ്ച ഉണ്ടായിട്ടുണ്ടോ; എങ്കിൽ അവരുടെ മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല. മണക്കടവ് വിയറിൽ 2001-02 വർഷത്തിൽ 7215 മില്യൻ ക്യൂബിക് ഫീറ്റും 2002-03-ൽ 6245 ക്യൂബിക് ഫീറ്റും ജലമാണ് ലഭിച്ചിട്ടുള്ളത്. കരാർ പ്രകാരം 7250 മില്ല്യൻ ക്യൂബിക് ഫീറ്റ് ജലമാണ് അവിടെ ലഭിക്കേണ്ടത്. കേരള ഷോളയാറിൽ 12300 മില്ല്യൻ ക്യൂബിക് ഫീറ്റ് ജലം 2001-02 വർഷത്തിൽ കേരളത്തിനു ലഭിക്കേണ്ടിയിരുന്നു. ഇതിൽ 10191 മില്യൻ ക്യൂബിക് ഫീറ്റ് മാത്രമാണ് ലഭിച്ചത്. 2002-03 വർഷത്തിൽ ആകെ 13789 മില്യൻ ക്യൂബിക് ഫീറ്റ് ലഭിക്കേണ്ട സ്ഥാനത്ത് 9050 എം. സി. അടി മാത്രമാണ് ലഭിച്ചത്.

LIBRARY ARCHIVES Kerala Legislative Assembly